പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 1213. 20.1.2014 -ൽ

മറുപടിയ്ക്ക്

## സ്വയംഭരണസ്ഥാപനങ്ങളായി മാറ്റാൻ പോകുന്ന കലാലയങ്ങൾ.

ചോദ്യം

ശ്രീ. കെ.എൻ.എ.ഖാദർ.

മറുപടി

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സ്വയംഭരണ സ്ഥാപനങ്ങളായി മാറ്റാൻ പോകുന്ന കലാലയങ്ങളുടെ പട്ടിക തയ്യാറാക്കുന്നത് ഏതുമാനദണ്ഡം അനുസരിച്ചാണ് ;

(എ) സ്വയംഭരണം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.

1. അക്കാദമികവും ഭരണപരവുമായ മികച്ച പ്രവർത്തന മികവോടെ കുറഞ്ഞത് പത്ത് വർഷമെങ്കിലും പ്രവർത്തിച്ച വരുന്ന കോളേജായിരിക്കണം.
2. NAAC ന്റെ എഗ്രേഡ് അക്രിഡിറ്റേഷൻ നേടിയിരിക്കണം.
3. കോളേജിലെ 1/3 അദ്ധ്യാപകർ എം.ഫിൽ/പി.എച്ച്.ഡി. തുടങ്ങിയ ഗവേഷണ യോഗ്യതകൾ നേടിയവരാകണം.
4. കോളേജിൽ ബിരുദതലത്തിലും ബിരുദാനന്തരബിരുദ തലത്തിലുമുള്ള പഠനപ്രവർത്തനങ്ങൾ ഉണ്ടാകണം.
5. സർവ്വകലാശാല പരീക്ഷകൾ, യുവജനോത്സവങ്ങൾ, സ്പോർട്സ് & ഗെയിംസ്, എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി പ്രവർത്തനങ്ങൾ എന്നിവയിൽ മുൻകാലങ്ങളിൽ മികച്ച പ്രവർത്തനം നടത്തിയ കോളേജായിരിക്കണം.
6. ലൈബ്രറി, ഹോസ്റ്റൽ സൗകര്യങ്ങൾ, ഉപകരണങ്ങൾ, സ്റ്റാഫ് ക്വാർട്ടേഴ്സ്, ഐ.സി.റ്റി

സഹായത്തോടെയുള്ള സേവനങ്ങൾ തുടങ്ങി പര്യാപ്തമായ അക്കാദമികവും ഭൗതികവും സാങ്കേതികവുമായ അടിസ്ഥാന സൗകര്യങ്ങളുള്ള കോളേജുകളായിരിക്കണം.

7. കോളേജുകൾക്ക് ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപന ഭരണ സംവിധാനം, ഭരണ പരിശീലനം, സേവന സംസ്കാരം, അച്ചടക്കം, പരിഷ്കരണത്തിനുള്ള മുൻകൈയെടുക്കൽ, അംഗീകൃത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെയും സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയും തെരഞ്ഞെടുക്കൽ, പരാതി പരിഹാര സംവിധാനം എന്നിവ ഉണ്ടായിരിക്കണം.
8. ദുർബല വിഭാഗങ്ങൾക്ക് അവകാശ തുല്യതയും വിവേചനത്തിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്ന പ്രവർത്തന പരിപാടികൾ കാഴ്ചവെയ്ക്കുന്ന കോളേജുകളായിരിക്കണം.
9. പരീക്ഷാ സമ്പ്രദായത്തിന്റെ സത്യസന്ധത എല്ലാ അർത്ഥത്തിലും കാത്തു സൂക്ഷിക്കുന്നതിന് കോളേജുകൾ പ്രാപ്തമായിരിക്കണം.
10. കാലവിളംബമില്ലാതെ ചുമതലകൾ നിർവ്വഹിക്കുന്നതിനായി, സ്വയംഭരണാവകാശം നേടാൻ ആഗ്രഹിക്കുന്ന കോളേജുകൾ,തങ്ങളുടെ മാനേജ്മെന്റ്,അദ്ധ്യാപകർ, ഇതരജീവനക്കാർ,വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളെ തയ്യാറാക്കേണ്ടതാണ്.
11. ഓട്ടോണമി പദവി നൽകുന്ന കോളേജുകളിൽ യുജിസി നിഷ്കർഷിക്കുന്ന തരത്തിലുള്ള

ഗവേണിംഗ് ബോഡി, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ്, ഫിനാൻസ് കമ്മിറ്റി എന്നിവ രൂപീകരിക്കേണ്ടതാണ്. ഇതിനു പുറമെ സ്വയംഭരണാവകാശം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച കോളേജുകളിൽ സർക്കാർ തലത്തിൽ രൂപീകരിച്ച സമിതി പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെയും കൂടി അടിസ്ഥാനത്തിലാണ് ബഹു. വിദ്യഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായ സ്വയം ഭരണ അംഗീകാര സമിതി 2 സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകളെ സ്വയംഭരണപദവി നൽകുന്നതിന് ശുപാർശ ചെയ്യുന്നതിനായി തെരഞ്ഞെടുത്തത്.

(ബി) ഇതിനായി തെരഞ്ഞെടുത്ത എത്ര സ്ഥാപനങ്ങൾക്ക് സർക്കാർ നിശ്ചയിച്ച യോഗ്യതകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) നിശ്ചിത യോഗ്യതകൾ ഉള്ളതായി കണ്ടെത്തിയ 13 കോളേജുകളെയാണ് സ്വയംഭരണപദവി നൽകുന്നതിനായി തെരഞ്ഞെടുത്തത്

(സി) സ്വയംഭരണം നൽകുന്നതുകൊണ്ട് സർക്കാരിനും വിദ്യാഭ്യാസ മേഖലയ്ക്കും ഉണ്ടാകുന്ന നേട്ടങ്ങളും കോട്ടങ്ങളും വ്യക്തമാക്കുമോ ?

(സി) സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാഡമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് ഉദ്ദേശിക്കുന്നത്. അതിനാൽ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും. സർക്കാരിന്റെ നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ,മെറിറ്റ് എന്നിവ പാലിച്ച മാത്രമാണ് സ്വയംഭരണ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം അനുവദിക്കുന്നത്.

ഇക്കാര്യങ്ങൾ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായി വിവിധ സർവ്വകലാശാലകളുടെ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തി സർക്കാർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.